**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 238** **14-02-2024 - ൽ മറുപടിയ്ക്ക്**

**കെ.എം.മാണി കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കെ.എം.മാണി കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ എന്ന പേരിൽ ജലസേചന വകുപ്പ് നടപ്പിലാക്കാൻ തീരുമാനിച്ച പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; പ്രസ്തുത പദ്ധതി എവിടെയൊക്കെ പൂർത്തിയാക്കിയെന്ന് അറിയിക്കാമോ; | (എ) | കാർഷിക വിളകളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും നാണ്യ വിളകളുടെ പ്രോൽസാഹനത്തിനും ലഭ്യമായ ജലം കാര്യക്ഷമമായി ഉപയോഗിക്കുന്നതിനും ജലനഷ്ടം കുറയ്ക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാർ വളരെ അധികം ഊന്നൽ നൽകുന്ന പദ്ധതിയാണ് ശ്രീ.കെ.എം.മാണി കമ്മ്യൂണിറ്റി ഊർജ്ജിത മൈക്രോ ഇറിഗേഷൻ പദ്ധതി. 2021-22 ബഡ്ജറ്റിൽ ആണ് കെ.എം.മാണി ഊർജ്ജിത മൈക്രോ ഇറിഗേഷൻ പദ്ധതി പ്രഖ്യാപിച്ചത്. ജലസേചന വകുപ്പും ജലവിഭവ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖല സ്ഥാപനമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.ഐ.ഐ.ഡി.സി) മുഖേനയും കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>പാലക്കാട് ജില്ലയിലെ കരടിപ്പാറ പ്രദേശത്ത് സംസ്ഥാന ഫണ്ട് ഉപയോഗിച്ചും, പാലക്കാട് ജില്ലയിലെ മൂങ്കിൽമട, വലിയേരി, നാവിതൻകുളം, കുന്നംകാട്ടുപതി എന്നീ പ്രദേശങ്ങളിലും, വയനാട് ജില്ലയിലെ അത്തിച്ചാൽ - മുണ്ടൻകൊല്ലി പ്രദേശത്തും റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ധനസഹായത്തോടെ ₹27.62 കോടി രൂപയുടെ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾ കെ.ഐ.ഐ.ഡി.സി മുഖേന നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളിലൂടെ ഏകദേശം 1292 ഏക്കർ പ്രദേശത്ത് സൂക്ഷ്മ ജലസേചനം ഉറപ്പാക്കുന്നു. ഏകദേശം 502 കർഷകരാണ് ഇതിന്റെ ഗുണഭോക്താക്കൾ.<br><br>ഇത് കൂടാതെ സംസ്ഥാനത്ത് കെ.എം. മാണി കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ എന്ന പേരിൽ |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കാൻ തീരുമാനിച്ച ഇടുക്കി ജില്ലയിലെ കാമാക്ഷി (₹3.23 കോടി രൂപ), വണ്ടന്മേട് (₹3.10 കോടി രൂപ), കോഴിക്കോട് ജില്ലയിലെ മുക്കം – കാഞ്ഞിരമുഴി (₹5.08 കോടി രൂപ), തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ (₹2.00 കോടി രൂപ), എറണാകുളം ജില്ലയിലെ തിരുമാറാടി (₹5.27 കോടി രൂപ), പത്തനംതിട്ട ജില്ലയിലെ സീതത്തോട് (₹2.85 കോടി രൂപ) തുടങ്ങിയ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കാൻ കെ.ഐ.ഐ.ഡി.സി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ പദ്ധതി പ്രവർത്തികൾ നടന്നു വരുകയാണ്. പ്രസ്തുത പദ്ധതികളിലൂടെ ഏകദേശം 602.28 ഏക്കർ പ്രദേശത്ത് സൂക്ഷ്മ ജലസേചനം ഉറപ്പാക്കി, ഏകദേശം 316 കർഷകർക്ക് പ്രയോജനം ലഭിക്കും. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്കായി കാർഷിക വിളകളുടെ ഇനം തിരിച്ച് മേഖലകളോ ക്ലസ്റ്ററുകളോ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിൽ പ്രാരംഭ പദ്ധതികളാണ് പൂർത്തീകരിച്ചിട്ടുള്ളത്. സംസ്ഥാന വ്യാപകമായി കെ.എം.മാണി കമ്മ്യൂണിറ്റി ഊർജ്ജിത മൈക്രോഇറിഗേഷൻ പദ്ധതി നടപ്പിലാക്കാനുള്ള പോളിസി രൂപീകരിക്കുന്നതിന്റെ ഭാഗമായി കാർഷികവികസന കർഷകക്ഷേമ വകുപ്പുമായി ചേർന്ന് കാർഷിക വിളകളുടെ ഇനം തിരിച്ച ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതാണ്. |
| (സി) | സമ്പൂർണ്ണ യന്ത്രവൽകൃത മൈക്രോ ഇറിഗേഷൻ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (സി) | സമ്പൂർണ്ണ യന്ത്രവൽകൃത പദ്ധതിയായാണ് കേരളത്തിൽ മൈക്രോ ഇറിഗേഷൻ പദ്ധതികൾ വിഭാവനം ചെയ്തിട്ടുള്ളത്. ഇതിന്റെ രൂപകൽപ്പനയും ഘടകങ്ങളും സൈറ്റുകൾക്ക് അനുസൃതമായി വ്യത്യസ്തമായിരിക്കും. |
| (ഡി) | മറ്റ് വകുപ്പുകളുമായി ചേർന്ന് എന്തൊക്കെ കർമ്മപദ്ധതികളാണ് മൈക്രോ ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി ചെയ്തുവരുന്നത്; | (ഡി) | മൈക്രോ ഇറിഗേഷൻ പദ്ധതികൾ കേരളത്തിൽ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തിന്റെ മൈക്രോ ഇറിഗേഷൻ പോളിസി രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ആയതിന്റെ കരട് രൂപരേഖ അന്തിമ ഘട്ടത്തിൽ ആണ്. ജലസേചനം, കാർഷികവികസന കർഷകക്ഷേമം, സഹകരണം, വൈദ്യുതി, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണം, തദ്ദേശ സ്വയംഭരണം തുടങ്ങിയ വകുപ്പുകൾ സംയോജിതമായാണ് ഇത് പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നത്.<br><br>കെ.എം.മാണി കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി നാണ്യവിളകൾ, ഹോർട്ടികൾച്ചർ എന്നിവയിലേയ്ക്ക് വ്യാപിപ്പിക്കുന്നത് സംബന്ധിച്ചും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നത് സംബന്ധിച്ചും ചർച്ച |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിനായി ജലസേചനം, കാർഷിക വികസന കർഷകക്ഷേമം, ഊർജ്ജം, സഹകരണം എന്നീ വകുപ്പ് മന്ത്രിമാരുടെ നേതൃത്വത്തിൽ 30.01.2024-ൽ യോഗം ചേർന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതികൾക്കായി മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിക്കുന്ന രേഖ/ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനായി കെ.ഐ.ഐ. ഡി.സി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സഹകരണം, ഊർജ്ജം, തദ്ദേശ സ്വയംഭരണം, കാർഷിക വികസന കർഷക ക്ഷേമം, മൃഗ സംരക്ഷണം, കേരള കാർഷിക സർവ്വകലാശാല തുടങ്ങിയ മറ്റ് വകുപ്പുകളുമായി സഹകരിച്ച് ആക്ഷൻ പ്ലാൻ തയ്യാറാക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ഇ) | പ്രൊഫഷണൽ യോഗ്യത നേടിയിട്ടുള്ള യുവസംരംഭകരുടെ സേവനം പ്രസ്തുത പദ്ധതിയ്ക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (ഇ) | മൈക്രോ ഇറിഗേഷൻ പോളിസിയുടെ കരട് രൂപരേഖയിൽ ഒരു സുപ്രധാന ഘടകമായി പൊതു-സ്വകാര്യ പങ്കാളിത്ത (PPP) സമീപനം പരിഗണിക്കുന്നുണ്ട്. ആയതിൽ യുവസംരംഭകരുടെ സേവനം ലഭ്യമാക്കാവുന്നതാണ്. കൂടാതെ മാസ്റ്റർ ഡോക്യുമെന്റ് നിർമ്മിക്കുന്നതിലും പരിഗണനയ്ക്ക് വിധേയമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ